**<u>15 -ാം കേരള നിയമസഭ</u>**

**<u>13 -ാം സമ്മേളനം</u>**

**<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 11</u>** **<u>23-01-2025 - ൽ മറുപടിയ്ക്ക്</u>**

**<u>ടി. പി. വധക്കേസ് പ്രതിക്ക് പരോൾ അനുവദിച്ച നടപടി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതി കൊടി സുനിക്ക് ഒരു മാസത്തെ പരോൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ പൊലീസ് റിപ്പോർട്ട് എതിരായിട്ടും പരോൾ അനുവദിക്കാനുള്ള കാരണം അറിയിക്കുമോ; | (എ) | സി.നം 512/23 സുനിൽകുമാറിന്റെ മാതാവ് ശ്രീമതി പുഷ്പ ബഹു.കേരള മനുഷ്യാവകാശ കമ്മീഷൻ മുൻപാകെ സമർപ്പിച്ച പരാതിയിന്മേൽ ബഹു.കമ്മിഷൻ പുറപ്പെടുവിച്ച നിർദ്ദേശം മാനിച്ചു കൊണ്ടും, അന്തേവാസിയുടെ മാതാവിന്റെ അപേക്ഷ പരിഗണിച്ചു കൊണ്ടും അന്തേവാസിയുടെ ജയിലിനുള്ളിലെ പെരുമാറ്റം, സ്വഭാവം എന്നിവ കണക്കിലെടുത്തും അവധി കാലയളവിൽ കണ്ണൂർ, കോഴിക്കോട് ജില്ലാ പോലീസ് മേധാവിമാരുടെ അധികാരപരിധിയിലെ സ്ഥലങ്ങളിൽ പ്രവേശിക്കുവാൻ പാടില്ലായെന്നതുൾപ്പെടെയുള്ള കർശന ഉപാധികളോടെ പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ ജനറൽ അവധി ആനുകൂല്യങ്ങൾ പുനഃസ്ഥാപിച്ചു നല്കുകയും, തവനൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം സൂപ്രണ്ട് 28.12.2024 വൈകുന്നേരം 5 മണി മുതൽ 30 ദിവസത്തെ സാധാരണ അവധി അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | രാഷ്ട്രീയ കൊലപാതകങ്ങളിൽ ശിക്ഷിക്കപ്പെടുന്നവർക്ക് നൽകുന്ന ഇത്തരത്തിലുള്ള പരിരക്ഷ സമൂഹത്തിൽ തെറ്റായ സന്ദേശമാണ് നൽകുന്നതെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ? | (ബി) | ഇന്ത്യൻ ശിക്ഷാ നിയമം / ഭാരതീയ ന്യായ സംഹിത, മറ്റ് നിയമങ്ങൾ എന്നിവ അനുസരിച്ച് ശിക്ഷിക്കപ്പെട്ട് സംസ്ഥാനത്തെ വിവിധ ജയിലുകളിൽ പാർപ്പിച്ചു വരുന്നവരിൽ, 2014-ലെ കേരളാ പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങൾ പ്രകാരം അർഹതയുള്ളവർക്കാണ് തെറ്റുതിരുത്തൽ പ്രക്രിയകളുടെ ഭാഗമായി അവധി അനുവദിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ